## പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഫോറസ്റ്റ് മാനേജ്മെന്റ്) (ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ പൂർണ്ണ അധിക ചുമതല) നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : ദേവേന്ദ്രകുമാർ വർമ്മ. ഐ.എഫ്.എസ്.

വിഷയം:- വനം വന്യജീവി വകുപ്പ് - ഫയലുകൾ തീർപ്പാക്കൽ - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 23.07.2019-ലെ സർക്കുലർ.

**നടപടി ഉത്തരവ് നമ്പർ ഇ6-4489/19 തീയതി 02.08.2019.**

മേൽ പരമാർശ പ്രകാരം സർക്കാർ വിവിധ വകുപ്പുകളിലെ തീർപ്പാക്കാതെ കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനുള്ള നടപടി ശക്തമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പിൽ ദീർഘകാലമായി തീർപ്പാക്കാതെയുള്ള ഫയലുകൾ തീർപ്പാക്കുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ സർക്കിൾ തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കേണ്ടതുണ്ട്. ഓരോ വകുപ്പിലെയും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / മാനേജർമാരായിരിക്കും വകുപ്പുതല ഏകോപനം നടത്തേണ്ടത്. സർക്കിൾതലത്തിൽ അദാലത്തിന്റെ ഏകോപനം നടത്തുന്നതിനായി ഓരോ സർക്കിളിലും ഓരോ നോഡൽ ഓഫീസർമാരെ നിയമിക്കേണ്ടതുണ്ട്. വനം വകുപ്പിലെ ഫയൽ അദാലത്തിന്റെ വകുപ്പുതല ഏകോപനത്തിന്റെ ചുമതല വനം വകുപ്പ് ആസ്ഥാനത്തെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ നിർവ്വഹിക്കും. നോഡൽ ഓഫീസർമാരായി നിയമിതരാകുന്ന ഓഫീസർമാർ അവരുടെ സർക്കിളിന് കീഴിൽ വരുന്ന എല്ലാ ടെറിട്ടോറിയൽ / വൈൽഡ് ലൈഫ് / സോഷ്യൽ ഫോറസ്ട്രി / മറ്റ് ഓഫീസുകളിലെ തീർപ്പാക്കാനുള്ള ഫയലുകൾ അദാലത്തിൽ ഉൾപ്പെടുത്തേണ്ടതും സർക്കാർ സർക്കുലറിൽ പറയുന്ന പ്രകാരം പ്രവർത്തിക്കേണ്ടതുമാണ്. സർക്കിൾ തലത്തിൽ അദാലത്ത് നടത്തിയശേഷം തീർപ്പുകൽപ്പിക്കാൻ അവശേഷിക്കുന്ന ഫയലുകളുടെ വിവരങ്ങൾ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ 01.09.2019 ന് 5 PM ന് മുൻപായി നിശ്ചിത ഫോറത്തിൽ അറിയിക്കേണ്ടതും, വനം വകുപ്പ് ആസ്ഥാനത്ത് വച്ച് ആഗസ്റ്റ് മാസം 16, 29 എന്നീ തീയതികളിൽ വകുപ്പുതല ഏകോപന ഓഫീസറായ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ നടത്തുന്ന അവലോകന യോഗത്തിൽ ബന്ധപ്പെട്ട നോഡൽ ഓഫീസർമാർ പങ്കെടുക്കേണ്ടതുമാണ്. ആയതിലേക്കായി ചുവടെപ്പറയുന്ന ഓഫീസർമാരെ നോഡൽ ഓഫീസർമാരായി നിയമിച്ചുകൊണ്ടും വനം വകുപ്പ് ആസ്ഥാനത്തെ എല്ലാ ഓഫീസുകളിലേയും നോഡൽ ഓഫീസർമാരായി ബന്ധപ്പെട്ട ബ്രാഞ്ച് ഓഫീസർമാരെ നിശ്ചയിച്ചുകൊണ്ടും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) & അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഭരണ വിഭാഗം) പൂർണ്ണ അധിക ചുമതലയുള്ള ദേവേന്ദ്ര കുമാർ വർമ്മ ഐ.എഫ്.എസ്. എന്ന ഞാൻ ഉത്തരവാകുന്നു.

(1) സതേൺ സർക്കിൾ – ശ്രീ.ബിനോദ് കുമാർ., സീനിയർ അഡ്മിനിസ്റ്റേറ്റീവ് അസിസ്റ്റന്റ്.

(2) ഹൈറേഞ്ച് സർക്കിൾ – ശ്രീമതി.രമാദേവി., സീനിയർ അഡ്മിനിസ്റ്റേറ്റീവ് അസിസ്റ്റന്റ്.

(3) സെൻട്രൽ സർക്കിൾ – ശ്രീ.ഉദയ കുമാർ., സീനിയർ അഡ്മിനിസ്റ്റേറ്റീവ് അസിസ്റ്റന്റ്.

(4) ഈസ്റ്റേൺ സർക്കിൾ – ശ്രീ.ശശിധരൻ., സീനിയർ അഡ്മിനിസ്റ്റേറ്റീവ് അസിസ്റ്റന്റ്.

(5) നോർത്തേൺ സർക്കിൾ – ശ്രീ.രാമചന്ദ്രൻ., സീനിയർ അഡ്മിനിസ്റ്റേറ്റീവ് അസിസ്റ്റന്റ്.

ദേവേന്ദ്ര കുമാർ വർമ്മ. ഐ.എഫ്.എസ്.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ
(ഫോറസ്റ്റ് മാനേജ്മെന്റ്)
(ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
ഫോറസ്റ്റ് കൺസർവേറ്ററുടെ പൂർണ്ണ അധിക ചുമതല)

പകർപ്പ് : (1) വനം വകുപ്പിലെ എല്ലാ ഓഫീസുകളിലേക്കും അറിവിലേക്കായി നൽകുന്നു.

(2) വനം വകുപ്പാസ്ഥാനത്തെ എല്ലാ വിഭാഗങ്ങൾക്കും നൽകുന്നു. വനം വകുപ്പ് ആസ്ഥാനത്തെ ഓരോ വിഭാഗത്തിലേയും ബ്രാഞ്ച് ഓഫീസർമാരായിരിക്കും അതാത് വിഭാഗത്തിന്റെ നോഡൽ ഓഫീസർ. നോഡൽ ഓഫീസർമാർ സർക്കുലറിൽ പരാമർശിക്കും പ്രകാരം നടപടി സ്വീകരിച്ച് വകുപ്പ് ഏകോപന ഉദ്യോഗസ്ഥനെ അറിയിക്കേണ്ടതാണ്.